സ്ട്രക്ടർ നിർമ്മാണ ഫാക്ടറി

*163. [605] ശ്രീ പി. കുഞ്ഞൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ സഹകാര്യ മേഖലയിൽ സ്ട്രക്ടർ നിർമ്മാണഫാക്ടറി സ്ഥാപിക്കുവാൻ ഗവണ്മെന്റ് ആലോചിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയതിനു് എത്ര രൂപാ മുതൽമുടക്കുമെന്നും, ഏതു് ജില്ലയിലാണു് സ്ഥാപിക്കുവാൻ തീരുമാനിച്ചതെന്നും പറയുമോ ?

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസ്) :

(എ) ഉണ്ടു്.

(ബി) ഒരു കോടിയിൽപ്പരം രൂപ മുടക്കുവേണ്ടിവരും. സ്ഥാപിക്കുന്നതു് ആലപ്പുഴ ജില്ലയിൽ.

കൈനാക്കേ ഉപയോഗിച്ചുള്ള വ്യവസായം.

164. [613] ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ ധാരാളമായി കാണുന്ന കൈനാക്കേ ഉപയോഗിച്ചു് എന്തെങ്കിലും വ്യവസായം ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്താണെന്നു് വ്യക്തമാക്കുമോ ?

വ്യവസായമന്ത്രി (ശ്രീ ടി. വി. തോമസ്) :

(എ, ബി) തൽക്കാലം കൈനിംഗ്രം ശുദ്ധീകരണവും മാത്രമാണു് ഉദ്ദേശിക്കുന്നതു്.

(c) Unstarred Questions and Answers

ഗവണ്മെന്റ് പ്രസ്സ്

45. [685] ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ എം. സി റോഡിനു് അരുകിൽ മണ്ണന്തല എന്ന സ്ഥലത്തു് ഗവ: പ്രസ്സ് സ്ഥാപിക്കുന്നതിനായി എന്തെല്ലാം നടപടി സ്വീകരിച്ചുവെന്നു വ്യക്തമാക്കുമോ ;

(ബി) 28-5-69-ലെ ജി. ഒ. എം. എസ്. നമ്പർ 226-69. ഇ. ഡി. എൻ. 13-6-69-ലെ ജി. ഓ. ആർ. ടി. 2197-69 ഇ. ഡി. എൻ. ഉത്തരവുകൾ നടപ്പിലാക്കിയിട്ടുണ്ടോ ;

(സി) ഇവിടെ എത്ര ഏക്കർ സ്ഥലമാണു് അക്വയർ ചെയ്യാൻ ഉദ്ദേശിക്കുന്നതു് ; ഇവിടെ എത്ര കുടിയുണ്ടു് ;

(ഡി) ഇവിടെയുള്ള പുറമ്പോക്കു് ഭൂമികൾ കൈവശം വച്ചിരിക്കുന്നവരുടെ നേതൃത്വത്തിൽ ഇവിടെ അക്വയർ ചെയ്യാതിരിക്കാൻ ഗവണ്മെന്റിൽ നിന്നും കൊണ്ടിരിക്കുന്ന സമ്മർദ്ദത്തിനു് ഗവണ്മെന്റു് കീഴ്വഴങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) ഇക്കൊല്ലത്തെ ബഡ്ജറ്റിൽ കൊള്ളിച്ചിരുന്ന തുക ഇവിടെ ഇക്കൊല്ലം ചെലവാക്കാനും എക്സർജൻസി ക്ലോസിൻപടി അക്വിസിഷൻനടപടി പൂർത്തിയാക്കാനും ഏർപ്പാടുണ്ടാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly